"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - ജിജി ഹോസ്പിറ്റൽ - പൂന്തി - അണമുഖം - ബൈപ്പാസ് റോഡ് വികസനം - എൽ.എ.ആർ.208/2008 - റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുക - റീഗ്രൂപ്പ് ചെയ്യുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.676/2025/LSGD തീയതി,തിരുവനന്തപുരം, 11-03-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.1857/2017/RD തീയതി 20.04.2017

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.05.2017-ലെ കെ10/77934/2010 നമ്പർ നടപടിക്രമം.

3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 06.03.2024-ലെ എ3/773/2011/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - പൂന്തി - അണമുഖം - ബൈപ്പാസ് റോഡ് വികസനത്തിനായി പട്ടം വില്ലേജിൽ ശ്രീമതി ദേവകി അമ്മ, ശ്രീ.മാധവൻ നായർ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതും സർവ്വേ നം.381-ൽ ഉൾപ്പെട്ടതുമായ 0.70 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 208/2008 നമ്പർ കേസിൽ, കോടതി അടിയന്തിരം പ്രമാണിച്ച് പരാമർശം (1) പ്രകാരം റവന്യൂ വകുപ്പിൽ നിന്ന് അനുവദിച്ച 21,90,772/- രൂപ റീഗ്രൂപ്പ് ചെയ്യുന്നതിലേക്ക് ജില്ലാ കളക്ടർക്ക് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജി.ജി ഹോസ്പിറ്റൽ - പൂന്തി - അണമുഖം - ബൈപ്പാസ് റോഡ് വികസനത്തിനായി പട്ടം വില്ലേജിൽ ശ്രീമതി. ദേവകി അമ്മ, ശ്രീ.മാധവൻ നായർ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.70 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 208/2008 നമ്പർ കേസിൽ, ഡിക്രീ സാറ്റിസ്ഫൈ ചെയ്യുന്നതിലേക്ക് "2075-miscellaneous General Service-800-other expenditure-54-land acquisition cases in respect of Government Departments lump provision charged' എന്ന ശീർഷകത്തിൽ നിന്നും പരാമർശം (1) പ്രകാരം റവന്യൂ വകുപ്പ് അനുവദിച്ച 21,90,772/-രൂപ 4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും 2075-00-800-05-നോൺ പ്ലാൻ ചാർജ്ജ്ഡ് എന്ന ശീർഷകത്തിലേക്ക് റീഗ്രൂപ്പ് ചെയ്യുന്നതിന് ഭരണാനുമതി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കടപ്പനക്കുന്ന്, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/262/2024-ധന(2996797) dated 03.02.2025
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 12-03-2025 11:03:35
സെക്ഷൻ ഓഫീസർ